ശ്രീ. പനമ്പി ി ഗോവിന്ദമേനോൻ: ന്തെ.ര പാള സി സംബന്ധമായ കാര്യമാണ്. ചെട്ടിയ മറുപടി പറയാൻ നിവൃത്തിയില്ല.

ശ്രീ. ടി ടി കേശവൻ ശാസ്ത്രി: ഈ വായ്പകളെല്ലാം പ്രത്യേകം പ്രത്യേകം ജംമ്പറുകളും മറ്റു രേഖകളും വാങ്ങിയിട്ടാണോ കൊടുത്തിട്ടുള്ളത്?

ശ്രീ പനമ്പി ി ഗോവിന്ദമേനോൻ: രേഖകളും സെക്യൂരിറ്റിയും കാണും. ഇല്ലാതെ കൊടുക്കുകയില്ല.

മെയിൻറോഡിൽക്കൂടിയുള്ള ജാഥാനിരോധനം.

*647. [7] ശ്രീ. വി. ശ്രീധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി ദയവുചെയ്ത് മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സിറ്റിയിൽ മെയിൻറോഡിൽക്കൂടിയുള്ള ജാഥാനിരോധനം ഇപ്പോഴും നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതുമുതൽക്കാണ് ഈ നിരോധനം ഏർപ്പെടുത്തിയത്?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) തിരുവനന്തപുരം സിറ്റിയിൽ മെയിൻറോഡിൽക്കൂടിയുള്ള ജാഥാനിരോധനം നിലവിലുണ്ട്.

(ബി) 22-10-1952-ൽ ആണ് ഈ നിരോധനം ഏർപ്പെടുത്തിയത്.

ശ്രീ. വി. ശ്രീധരൻ: ഈ നിരോധനം എപ്പോഴും സമയത്തേക്കാണോ?

ശ്രീ. എ. ജെ. ജോൺ: രാവിലെ പത്തുമണി മുതൽ രാത്രി പന്ത്രണ്ടുമണി വരെയാണ്.

ശ്രീ. വി. ശ്രീധരൻ: നിരോധനം ഏർപ്പെടുത്താനുള്ള കാരണങ്ങൾ എന്തെങ്കിലും പറയാമോ?

ശ്രീ. എ. ജെ ജോൺ: ജനക്ഷേമത്തെ കരുതിയാണ്.

ശ്രീ. വി. ശ്രീധരൻ: ജനക്ഷേമം എന്നു പറയുന്നതിന്റെ മനഃശാസ്ത്രം എന്താണ്?

ശ്രീ. എ. ജെ. ജോൺ: കിഴക്കേകോട്ടമുതൽ മ്യൂസിയം വരെ ഉള്ള റോഡിൽ വാഹനഗതാഗതവും ആൾസഞ്ചാരവും വളരെ കൂടുതലായി ഉള്ളതുകൊണ്ട് വണ്ടി ഓടിക്കുന്നതിനും കാൽനടയാത്രക്കാർക്കും ബുദ്ധിമുട്ടുണ്ടാകാതിരിക്കാൻ വേണ്ടിയും അപകടം ഉണ്ടാകാതിരിക്കാനും വേണ്ടിയാണ്. അതാണ് ജനരക്ഷയെ കരുതി നിരോധനം ഏർപ്പെടുത്തിയത് എന്നു പറഞ്ഞത്.

ശ്രീ. വി. ശ്രീധരൻ: എപ്പോഴും പാർട്ടിക്കാർ, പാർട്ടിക്കാരുടെ സ്ഥാനത്തിരുന്നുകൊണ്ട് ജാഥ നടത്താൻ അനുവാദം കൊടുക്കാതെയിരിക്കുന്നതെന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. ജെ. ജാൺ : ചില വ്യവസ്ഥകൾക്ക് വിധേയമായി അനുവാദം, ആർക്കും കൊടുക്കുന്നുണ്ട്. ആ വ്യവസ്ഥകൾ പാലിക്കണമെന്നേയുള്ളൂ.

ശ്രീ. വി. ശ്രീധരൻ : കഴിഞ്ഞ പത്താംതീയതി പാലസ് കണ്ടിജൻസി ജീവനക്കാർക്ക് ഒരു ജാഥ നടത്തുന്നതിന് അനുവാദം കൊടുത്തിട്ടില്ല എന്ന് അറിയാമോ ?

ശ്രീ. എ. ജെ. ജാൺ : അപേക്ഷിക്കുന്ന മിക്കവാറും എല്ലാപേർക്കും തന്നെ അനുവാദം കൊടുക്കുന്നുണ്ട്. അവർ താമസിച്ച് അപേക്ഷിച്ചതുകൊണ്ടോ അനുവാദം കൊടുക്കാനുള്ള ആൾ ഇല്ലാതെയിരുന്നതുകൊണ്ടോ മറ്റോ ആയിരിക്കാം അവർക്ക് അനുവാദം കിട്ടാത്തത്.

ശ്രീ. പി. ആർ. മാധവൻ പിള്ള : ജനക്ഷേമത്തിന്റെ പേരിൽ തന്നെ ഈ നിരോധനം പിൻവലിക്കാമോ ?

ശ്രീ. എ. ജെ. ജാൺ : തൽക്കാലം സാധ്യമല്ല.

ശ്രീ. കെ. സി. ജോർജ് : അനുവാദം ലഭിക്കാൻ എത്ര ദിവസത്തിനു മുമ്പ് അപേക്ഷിക്കണം ?

ശ്രീ. എ. ജെ. ജാൺ : അങ്ങിനെ കൃത്യമായ ഒരു ദിവസം ഇല്ല.

ശ്രീ. കെ. സി. ജോർജ് : ഇന്നത്തെ ജാഥയ്ക്ക് അനുവാദം കൊടുത്തിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : ഉണ്ട്.

ശ്രീ. ടി. കെ. കുഞ്ചുവൻ : ജാഥ നിരോധിക്കുന്നതുകൊണ്ട് ആർക്കെങ്കിലും അപകടം ഉണ്ടായിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : അങ്ങിനെ ഉണ്ടാകാതെയിരിക്കാനാണ് നിരോധനം ഉള്ളത്.

ശ്രീ. പി. ആർ. മാധവൻ പിള്ള : വാഹനഗതാഗതവും ജനസഞ്ചാരവും വളരെ കൂടുതലുള്ള മറ്റു നഗരങ്ങളിലും ഈ നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : തിരുവനന്തപുരം സിറ്റിയെപ്പോലെ കൂടുതൽ ഗതാഗതമുള്ള സ്ഥലങ്ങൾ നമ്മുടെ രാജ്യത്ത് കുറവാണ്.

കണ്ടിൻജൻസി ജീവനക്കാർ.

* 648. [8] ശ്രീ. വി. ശ്രീധരൻ : തന്നെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ടിൻജൻസി ജീവനക്കാരെ സ്ഥിരം സർവീസിൽ എടുക്കുന്നതു സംബന്ധിച്ചു ഗവണ്മെന്റ് ഇതിനകം വല്ല നടപടികളും സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതു് എന്താണെന്നു വെളിപ്പെടുത്തുമോ ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly